

# പ്രവാചക ജീവിതം നമ്മോട് ആവശ്യപ്പെടുന്നത്

സ്വാമി അഗ്നിവേശ്

**ഉള്ളിൽ** നിറയെ കരുണ. ഭൂമിയോളം ക്ഷമ. നന്മയോടുള്ള അതിരറ്റ പ്രതിബദ്ധത– ഇതൊക്കെയാണ് എന്റെ മനസിൽ പ്രവാചകൻ മുഹമ്മദിനെ കുറിച്ചുള്ള ചിത്രം. സാമൂഹിക വിപ്ലവത്തിന്റെ യഥാർഥ സൂര്യതേജസ് തന്നെയായിരുന്നു ആ മഹാനുഭാവൻ. ആ മഹിത ജീവിതത്തിൽനിന്ന് എത്രയോ അനുഭവ പാഠങ്ങളാണ് ലോകത്തിന് ലഭിച്ചത്. സാമൂഹിക ജീവിതത്തിൽ നാം കാത്തുസൂക്ഷിക്കേണ്ട മൂല്യങ്ങളെ കുറിച്ച്, നാം സ്വീകരിക്കേണ്ട സമീപനങ്ങളെ കുറിച്ച്, നാം പുലർത്തേണ്ട മര്യാദകളെ കുറിച്ച് പ്രവാചകൻ നമ്മെ ഓർമിപ്പിച്ചു. ആ ജീവിതത്തിൽനിന്നുള്ള എത്രയോ സംഭവങ്ങൾ നമുക്കറിയാം. തികച്ചും ആദരവോടും അത്ഭുതത്തോടും കൂടിയല്ലാതെ അതൊന്നും സ്മരിക്കാനാവില്ല. അടിമവേലക്കും ബാലവേലക്കുമെതിരെ ഞാൻ ഉൾപ്പെടെയുള്ളവർ നടത്തി വരുന്ന പോരാട്ടത്തിന്റെ പ്രചോദനം പോലും പ്രവാചകൻ ഉൾപ്പെടെയുള്ളവർ കാണിച്ചുതന്ന മാതൃകകളാണ്.



നിത്യവും നടന്നു പോകുമ്പോൾ മക്കയിൽ പ്രവാചകന്റെ ശരീരത്തിൽ മാലിന്യം കൊണ്ടുതള്ളുന്ന ആ സ്ത്രീയുടെ ചിത്രം തന്നെ നോക്കൂ. ഒരു ദിവസം അവരെ കാണാനില്ലെന്നു വന്നപ്പോൾ ആ മനസ് തരളമാവുകയാണ്. അവർക്കെന്തു പറ്റിയെന്ന് പ്രവാചകൻ അനുചരന്മാരോട് തിരക്കു

ന്നു. ഒടുവിൽ ആ സ്ത്രീ രോഗിയാണെന്ന് അറിയുന്നു. കേട്ട പാടെ അവരുടെ കുടി ൽ ലക്ഷ്യം വെച്ച് നീങ്ങുകയാണ് പ്രവാചകൻ. ശത്രുപക്ഷത്ത് പ്രതിഷ്ഠിച്ച ഒരു വ്യക്തി. സത്യത്തിൽ അവളുടെ നിസ്സഹായതയിൽ ആഹ്ലാദിക്കുന്ന മാനസികാവസ്ഥ യാണ് വേണ്ടത്. പ്രതികാരം ചെയ്യാൻ വളരെ എളുപ്പവുമായിരുന്നു. പക്ഷേ, പ്രവാച ക സമീപനം മറ്റൊന്നായിരുന്നു. അവരുടെ രോഗം സുഖപ്പെടാൻ പ്രാർഥിക്കുന്ന ഒ രു പ്രവാചകനെയാണ് ചരിത്രത്തിൽ നാം കണ്ടത്. കരുണയുടെ വലിയൊരു ലോ കം തന്നെയായിരുന്നു പ്രവാചകൻ ഉള്ളിൽ കൊണ്ടുനടന്നത്.

മനുഷ്യരോടുള്ള ഇടപഴകലിന്റെ ഓരോ ഘട്ടത്തിലും സ്നേഹവും ഗുണകാം ക്ഷയും തുടിക്കുന്ന ഒരു മനസും അവിടെ നാം കണ്ടു. ഒരിക്കൽ ഒരു ജൂതൻ ഭക്ഷ ണ പൊതിയുമായി പ്രവാചകനെ തേടിയെത്തി. അന്ന് പ്രവാചകൻ ഐഛിക നോ മ്പനുഷ്ഠിക്കുകയായിരുന്നു. താൻ കൊണ്ടുവന്ന ഭക്ഷണം പ്രവാചകൻ രുചിച്ചു നോ ക്കണമെന്ന് ആഗതന് നിർബന്ധം. അവനെ പിണക്കാൻ തയാറായില്ല. പ്രവാചകൻ നോമ്പ് മുറിച്ചു. അത്ഭുതപ്പെട്ട അനുചരന്മാരോട് പറഞ്ഞു: 'ആഗതന്റെ സ്നേഹം തിരസ്കരിക്കാൻ ഐഛിക നോമ്പ് എനിക്ക് തടസ്സമായില്ല.' മുസ്ലിംകളുടെ മാത്രം പ്രവാചകനല്ല മുഹമ്മദ്. 'റഹ്മത്തുൽ ആലമീൻ' എന്നാണ് വിശേഷണം. ലോക ത്തിന്റെ മുഴുവൻ അനുഗ്രഹം. കനിവോടും സഹാനുഭൂതിയോടും കൂടി വേണം പ്ര വർത്തിക്കാനെന്ന് പ്രവാചകൻ നിരന്തരം പഠിപ്പിച്ചു. രോഷം അമർച്ച ചെയ്യാനും ക്ഷമയിലൂടെയും സഹനത്തിലൂടെയും മുന്നോട്ടു നീങ്ങാനും നിർദേശിച്ചു. അതി ലൂടെ സാമ്രാജ്യങ്ങൾ കാൽചുവട്ടിലാക്കാൻ കഴിയുമെന്നു കൂടി കുറഞ്ഞ കാല ജീ വിതത്തിലൂടെ പ്രവാചകൻ കാണിച്ചു തന്നു.

ഏകദൈവം എന്ന അടിസ്ഥാന ആദർശമായിരുന്നു പ്രവാചകൻ മുഹമ്മദ് പ്രബോധനം ചെയ്തത്. ഏക ദൈവത്വം തന്നെയാണ് വേദങ്ങളും ഹൈന്ദവ പുരാ ണങ്ങളും ഉദ്ഘോഷിക്കുന്നത്. 'വിപ്രാ ബഹുദാ വദന്തി...''എന്ന പ്രഖ്യാപനവും ദൈ വത്തിന്റെ ഏകത്വം തന്നെയാണ് വിളംബരം ചെയ്യുന്നത്. ബുദ്ധിമാന്മാർ അതിനെ പ ലതായി വിലയിരുത്തുകയാണെന്നും വേദം പറയുന്നു. ഏകദൈവ സാമീപ്യം ലഭി ക്കാൻ ഒരു ഇടനിലക്കാരന്റെയും ആവശ്യമില്ലെന്നും പ്രവാചകൻ പഠിപ്പിച്ചു. അവ താരങ്ങൾ എന്ന പല പേരുകളിൽ അറിയപ്പെടുന്നതും ഈ ദൈവിക ചൈതന്യം തന്നെ. താൻ ഒരു സന്ദേശവാഹകൻ മാത്രമാണെന്ന് ഓരോ ഘട്ടത്തിലും പ്രവാച കൻ പറഞ്ഞുകൊണ്ടിരുന്നു. ഏക ദൈവത്തിലുള്ള വിശ്വാസത്തോടൊപ്പം തന്നെ താൻ ഒരു പ്രവാചകൻ മാത്രമാണെന്ന വിശ്വാസവും മതത്തിന്റെ അടിസ്ഥാനമായി കുറിച്ചു. ദൈവിക പരിവേഷത്തോടെ തന്നെ കാണരുതെന്ന് അനുയായികളെ നിര ന്തരം അദ്ദേഹം ഓർമിപ്പിച്ചു. മരണശേഷം തന്റെ ഖബ്ർ കെട്ടിപ്പൊക്കുകയോ അ വിടെ പ്രാർഥന നടത്തുകയോ ചെയ്യാൻ പാടില്ലെന്നും പ്രവാചകൻ മുന്നറിയിപ്പ് ന ൽകി.

പ്രതിമകളിൽ അഭിരമിക്കുന്ന ഒരു മനസ് ഇന്നും നമുക്കു കാണാം. പ്രതിമാ നിർമാണത്തിനു വേണ്ടി കോടികളാണ് ഭരണകൂടങ്ങൾ നീക്കിവെക്കുന്നത്. വിഗ്രഹ പൂജയും മനുഷ്യ ദൈവങ്ങളോടും മറ്റുമുള്ള ആഭിമുഖ്യവും നിറഞ്ഞുനിന്ന ഒരു കാ ലത്താണ് ഏകദൈവത്വത്തിന്റെ ഉറച്ച വിളംബരം നടത്തിയത്; അദൃശ്യമായ ദൈ വത്തെ ആരാധിക്കാൻ നിർദേശിച്ചതും. ദൈവത്തിനുള്ള പൂജയും വഴിപാടുകളും അപഹാസ്യമായ ഒന്നാണെന്നും പറഞ്ഞുവെച്ചു. ജനങ്ങൾക്കൊപ്പം സാധാരണ ജീ വിതം നയിക്കുകയായിരുന്നു പ്രവാചകൻ. അവരിൽനിന്ന് ഒരിക്കലും വേറിട്ടു നിന്നി

ല്ല. സ്വാമി ദയാനന്ദ സരസ്വതിയെ പോലുള്ള പ്രമുഖർ 'ദൈവം മുഖമില്ലാത്തതും സർവ വ്യാപിയുമാണെന്ന്' പറഞ്ഞതും ശ്രദ്ധേയം. വേദങ്ങളും മറ്റും വ്യക്തമാക്കിയ ഏകദൈവത്വ സിദ്ധാന്തത്തെ പ്രവാചകൻ മുഹമ്മദ് കൂടുതൽ ജീവസ്സോടെ വിളംബരപ്പെടുത്തുകയായിരുന്നു.

ഇവിടെ സങ്കടം മറ്റൊന്നാണ്. വിഗ്രഹഭഞ്ജനത്തിലൂടെ ഏകദൈവത്വം ഊട്ടിയുറപ്പിച്ച പ്രവാചകന്റെ അനുയായികളിൽ വലിയൊരു വിഭാഗം ഇന്നിപ്പോൾ എന്തുകൊണ്ടാകും ശവകുടീരങ്ങൾ തേടിപ്പോകുന്നത്? അവിടെ ചാദറും പുഷ്പമാല്യങ്ങളും അർപ്പിക്കാൻ തിരക്കു കൂട്ടുന്നത്? വാർഷിക ഉത്സവങ്ങൾ സംഘടിപ്പിക്കാൻ മുന്നിൽ നിൽക്കുന്നത്?

ശരിയായ വാണിജ്യവത്കരണമാണ് ഇത്തരം നടപടികൾക്കു പിന്നിൽ. മുസ്‌ലിംകളെ കൈയിലെടുക്കാൻ ഇത്തരം കേന്ദ്രങ്ങളിൽ ഒരു സന്ദർശനം നടത്തിയാൽ മാത്രം മതിയെന്ന് രാഷ്ട്രീയ നേതാക്കളും ധരിച്ചു വെച്ചിരിക്കുന്നു. എന്തായാലും ഇത്തരം കേന്ദ്രങ്ങളുടെ നടത്തിപ്പ് പ്രവാചകാധ്യാപനങ്ങളുടെ നിഷേധവും ദൈവത്തോടുള്ള തികഞ്ഞ നന്ദികേടും തന്നെയാണ്.

മദ്യത്തിനെതിരെ പ്രവാചകൻ നയിച്ച വിപ്ലവമാണ് എന്നെ വല്ലാതെ ആവേശം കൊള്ളിക്കുന്നത്. ഏറ്റവും വലിയ സാമൂഹിക തിന്മ എന്നാണ് മദ്യത്തെ കുറിച്ച് പ്രവാചകൻ പറഞ്ഞത്. പ്രവാചകന്റെ ജന്മദിന വേളയിൽ ഇന്ത്യ മുഴുക്കെ മദ്യത്തിനെതിരെ ശക്തമായ പോരാട്ടം നടത്താൻ മുസ്‌ലിം സമൂഹം തയാറാകണം. മദ്യത്തിന്റെ ഉൽപാദനവും വിതരണവും നിർത്തിവെപ്പിക്കാൻ സാമൂഹിക സമ്മർദം രൂപപ്പെടുത്താൻ അവർ മുന്നിൽ നിൽക്കണം. എല്ലാ മതവിഭാഗങ്ങളും സ്ത്രീകളും കുട്ടികളുമൊക്കെ ഒറ്റക്കെട്ടായി മുസ്‌ലിംകളെ പിന്തുണക്കാൻ മുന്നിലുണ്ടാകും. ഈ നിർദേശത്തോട് ഇന്ത്യയിലെ മുസ്‌ലിം സമൂഹം ചെവികൊടുക്കുമോ? ■

**തയാറാക്കിയത്: എം.സി.എ നാസർ**